ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ, കേരളാ സ്റ്റേറ്റ്
സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്

# സൺഡേസ്കൂൾ വാർത്താപത്രിക

SUNDAYSCHOOL VARTHAPATHRIKA

3/2024-2025




*ജനറൽ കൺവൻഷനോടനുബന്ധിച്ച് സൺഡേസ്കൂൾ ശതാബ്ദി ലോഗോ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി പാസ്റ്റർ ഷിബു തോമസിന് നൽകി പ്രകാശനം ചെയ്യുന്നു. അസിസ്റ്റന്റ് ഓവർസിയർ ഡോ. ഷിബു കെ. മാത്യു, സൺഡേസ്കൂൾ പ്രസിഡന്റ് പാസ്റ്റർ വി.പി. തോമസ്, സൺഡേസ്കൂൾ സെക്രട്ടറി പാസ്റ്റർ സാലു വർഗീസ്, സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു എന്നിവർ സമീപം.*

*(സൺഡേസ്കൂളിലും സഭായോഗത്തിലും ഈ ന്യൂസ് ലെറ്റർ വായിച്ചാലും)*

കർത്താവിൽ പ്രിയരെ,

നൂറാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാ സൺഡേസ്കൂൾ പ്രവർത്തകർക്കും കുഞ്ഞുങ്ങൾക്കും സഭാജനങ്ങൾക്കും ക്രിസ്തീയ വന്ദനങ്ങൾ!

സണ്ടേസ്കൂളിനെ സംബന്ധിച്ച സുപ്രധാന അറിയിപ്പുകൾ ചുവടെ ചേർക്കുന്നു.

## സെക്കന്റ് സെമസ്റ്റർ പരീക്ഷ ഏപ്രിൽ 20ന്

സെക്കന്റ് സെമസ്റ്റർ പരീക്ഷ ***ഏപ്രിൽ 20ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 വരെ*** പ്രാദേശിക സഭകളിൽ നടക്കും. 18 മുതലുള്ള പാഠങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് പരീക്ഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധാരണ ചെയ്തുവരുന്നതുപോലെ കേന്ദ്രത്തിൽ നിന്ന് ചോദ്യ പേപ്പർ പാക്കറ്റുകൾ മേഖലാ സെക്രട്ടറി മുഖേന സെന്റർ സൺഡേസ്കൂൾ സെക്രട്ടറിമാർ പ്രാദേശിക സഭകൾക്ക് നല്കുന്നതാണ്. പരീക്ഷാ ക്രമീകരണങ്ങൾ മുൻവർഷത്തെപ്പോലെ ചെയ്യേണ്ടതാണ്. സ്ഥലം മാറ്റമുള്ള പാസ്റ്റർമാരുടെ മക്കൾക്ക് പുതിയ സഭയിൽ പരീക്ഷ എഴുതാവുന്നതാണ്. എല്ലാ സെന്ററുകളിലും കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

## ഗ്രാജുവേഷൻ സർവ്വീസ്

7-ാം ക്ലാസു മുതൽ ദൈവസഭയുടെസൺഡേസ്കൂളിൽ പഠിച്ചിട്ടുള്ളവരും ഈ വർഷം 12-ാം ക്ലാസിൽ സെക്കന്റ് സെമസ്റ്റർ പരീക്ഷയിൽ D ഗ്രേഡിനു മുകളിൽ ലഭിച്ചിട്ടുള്ള കുട്ടികൾക്ക് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ***ഗ്രാജുവേഷൻ മെയ് 17 ന് മുളക്കുഴയിൽ*** നടക്കും. നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയും പരീക്ഷയുടെ ഉത്തരകടലാസും ഉൾപ്പെടെ മെയ് 6 നുള്ളിൽ സ്റ്റേറ്റ് ഓഫീസിൽ 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം ലഭിക്കേണ്ടതാണ്.

## പുതിയ അദ്ധ്യയന വർഷം

***മെയ് 11 ന്*** പുതിയ സൺഡേസ്കൂൾ അദ്ധ്യയന വർഷം ആരംഭിക്കേണ്ടതാണ്. പുതിയ സ്കൂൾ വർഷം കുട്ടികൾ ഏതു ക്ലാസിലാണോ പഠിക്കുന്നത് അതേ ക്ലാസിലേക്ക് തന്നെയായിരിക്കണം സൺഡേസ്കൂളിലും ക്ലാസ് കയറ്റം നല്കേണ്ടത്. സൺഡേസ്കൂൾ പാഠാവലികൾ എല്ലാ കുട്ടികൾക്കും വാങ്ങി നൽകുവാൻ ഹെഡ്മാസ്റ്ററും സഭാ ശുശ്രൂഷകരും ശ്രദ്ധിക്കണമെന്ന് ഓർമിപ്പിക്കുന്നു.

## ശതാബ്ദി വർഷം

1925 ൽ ആരംഭം കുറിച്ചതും കേരള പെന്തക്കോസ്തു ചരിത്രത്തിൽ ആദ്യമായി നൂറുവർഷം പൂർത്തിയാക്കുന്നതുമായ നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം വിപുലമായ കർമ്മ പദ്ധതികളോടെ ഈ വർഷം ശതാബ്ദി കൊണ്ടാടുകയാണ്. ദൈവസഭയുടെ കേരളത്തിലെ സ്ഥാപകനായ പാസ്റ്റർ റോബർട്ട് ഫെലിക്സ് കുക്കിനാൽ സ്ഥാപിതമായതാണ് നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം. 1925 മുതൽ 1931 വരെ പാസ്റ്റർ റ്റി.എം. വർഗീസ് സൺഡേസ്കൂളിന്റെ പ്രഥമ സെക്രട്ടറിയായി ചുമതലകൾ നിർവ്വഹിച്ചു. തുടർന്ന് അനേക ദൈവദാസന്മാരുടെയും പ്രവർത്തകരുടെയും ശ്രമഫലമായി പെന്തക്കോസ്ത് സഭകളിൽ വച്ച് തല ഉയർത്തി നിൽക്കുന്ന മഹത്പ്രസ്ഥാനമായി നമ്മുടെ സൺഡേസ്കൂളിനെ ദൈവം വളർത്തി. സകല മഹത്വവും ദൈവത്തിന് അർപ്പിക്കുന്നു. ആയിരക്കണക്കിന് ക്രിസ്തു ഭക്തരെ വാർത്തെടുത്ത സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ജൂബിലി വർഷത്തിലെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പ്രാർത്ഥനയും പിൻന്തുണയും അഭ്യർത്ഥിക്കുന്നു.

**ജൂബിലിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.**

**പ്രാദേശിക തലത്തിൽ:** കുട്ടികളുടെ പങ്കാളിത്തത്തോടെയുള്ള ചാരിറ്റി പ്രവർത്തനങ്ങൾ, ഔട്ട്റീച്ച് പ്രോഗ്രാമുകൾ, സണ്ടേസ്കൂൾ വാർഷികം, ജൂബിലി സ്മാരക വൃക്ഷത്തൈ ന

ടീൽ, ശതാബ്ദി വി.ബി.എസ്സുകൾ എന്നിവ പ്രാദേശിക സഭകളിലെ ശുശ്രൂഷകന്റെയും ഹെഡ്മാസ്റ്ററിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്.

**സെന്റർ തലത്തിൽ:** പേരന്റ്സ് ടീച്ചേഴ്സ് മീറ്റിംഗുകൾ, കുട്ടികളുടെ സമ്മേളനങ്ങൾ, ജൂബിലി റാലി, സ്പോർട്സ് ഡേ, ടീച്ചേഴ്സ് ട്രെയ്നിംങ്ങുകൾ തുടങ്ങിയവ സെന്റർ പാസ്റ്ററുടെയും സൺഡേസ്കൂൾ സെക്രട്ടറിയുടെയും സെന്റർ സൺഡേസ്കൂൾ കമ്മറ്റിയുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്.

**മേഖല തലത്തിൽ:** പ്രമോഷൻ മീറ്റിംഗുകൾ, ടീൻസ് മീറ്റിംഗുകൾ, ലീഡേഴ്സ് സമ്മിറ്റ്, ടീച്ചേഴ്സ് ട്രെയ്നിംഗ്, വിദ്യാർത്ഥി ക്യാമ്പുകൾ എന്നിവ മേഖലാ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ മേഖലാ കമ്മറ്റി നടപ്പിൽ വരുത്തേണ്ടതാണ്.

**സ്റ്റേറ്റ് തലത്തിൽ:** ജൂബിലി സ്റ്റാമ്പ് പബ്ലിഷിങ്ങ്, ജൂബിലി സ്കോളർഷിപ്പ്, ശതാബ്ദി മെഗാ ബൈബിൾ ക്വിസ്, ടീച്ചേഴ്സ് ട്രെയ്നിംങ്ങ് ക്യാമ്പ്, സീനിയർ അദ്ധ്യാപകരെ ആദരിക്കൽ, ജൂബിലി സ്റ്റേറ്റ് ക്യാമ്പ്, പൂർവ്വ വിദ്യാർത്ഥി സമ്മേളനം, ലീഡേഴ്സ് കോൺക്ലേവ്, മിഷൻ സൺഡേസ്കൂൾ സിലബസ്, സുവനീർ പബ്ലിഷിംങ്ങ്, ജൂബിലി സ്തോത്ര സമ്മേളനം തുടങ്ങിയവ നടക്കുന്നതാണ്.

### ജൂബിലി സ്കോളർഷിപ്പ്

പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്നതും ആശ്രിതർ ഇല്ലാത്തതും നിർധനരുമായ 50 കുട്ടികൾക്ക് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സ്കോളർഷിപ്പ് പദ്ധതിക്ക് ജൂൺ മുതൽ തുടക്കമാകും. എല്ലാ മാസവും 2000 രൂപാ വീതമാണ് ഒരു കുട്ടിക്ക് നല്കുന്നത്. 7-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ പുറകാലെ അറിയിക്കുന്നതാണ്. ഈ പദ്ധതിയെ സഹായിക്കാൻ കഴിയുന്ന സ്പോൺസേഴ്സിനെ ആവശ്യമുണ്ട്. ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ താത്പര്യമുള്ളവർ സ്റ്റേറ്റ് സൺഡേസ്കൂൾ പ്രവർത്തകരുമായി ബന്ധപ്പെടുക.

### ശതാബ്ദി മെഗാ ബൈബിൾ ക്വിസ്

സഭാ വ്യത്യാസമില്ലാതെ സൺഡേസ്കൂൾ പഠിക്കുന്ന 18 വയസിൽ താഴെയുള്ള കുട്ടികൾക്കായി അഖില കേരള അടിസ്ഥാനത്തിൽ സെന്റർ, മേഖലാ, സ്റ്റേറ്റ് തലങ്ങളിലായി നടത്തുന്ന മെഗാ ബൈബിൾ ക്വിസ് പ്രോഗ്രാമാണ് ഇത്. ഒരു സഭയിൽ നിന്ന് രണ്ട് അംഗങ്ങൾ വീതമുള്ള രണ്ട് ടീമുകൾക്ക് പങ്കെടുക്കാം. ഒരു ടീമിന് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. ഒന്നും രണ്ടും സ്ഥാനക്കാർക്ക് അടുത്ത തലത്തിലേക്ക് പ്രവേശനമുണ്ടായിരിക്കും. സെന്റർ തല വിജയികൾക്ക് മെമന്റോയും മേഖല തലങ്ങളിൽ വിജയിക്കുന്നവർക്ക് ട്രോഫികളും സ്റ്റേറ്റ് തലത്തിൽ വിജയിക്കുന്നവർക്ക് ക്യാഷ് അവാർഡും ലഭിക്കുന്നതാണ്. സ്റ്റേറ്റ് തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിന് 25,000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 15,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 10,000 രൂപയും ക്യാഷ് അവാർഡ് ലഭിക്കും. ആദ്യഘട്ടത്തിൽ ബൈബിളിലെ ലൂക്കോസ്, അപ്പൊസ്തല പ്രവൃത്തികൾ, എബ്രായർ എന്നീ പുസ്തകങ്ങളിൽ നിന്നും രണ്ടാം ഘട്ടത്തിൽ ആദ്യഘട്ടത്തിലെ പുസ്തകങ്ങൾ കൂടാതെ യെശയ്യാവിന്റെ പുസ്തകവും അവസാനഘട്ടത്തിൽ മുൻ ഘട്ടങ്ങളിലെ പുസ്തകങ്ങളെ കൂടാതെ വെളിപ്പാടു പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും. 20 ചോദ്യങ്ങളായിരിക്കും ഓരോ ഘട്ടങ്ങളിലുമുണ്ടായിരിക്കുന്നത്. സെന്റർ തലത്തിൽ ***ജൂലൈ 24*** നും മേഖലാതലത്തിൽ ***ഓഗസ്റ്റ് 15*** നും അതതു കേന്ദ്രങ്ങളിൽ മത്സരം നടക്കും. ഗ്രാന്റ് ഫിനാലെ ***സെപ്റ്റംബർ 1 തിങ്കളാഴ്ച*** മുളക്കുഴയിൽ നടക്കും. വിശദ വിവരങ്ങൾ പുറകാലെ അറിയിക്കുന്നതാണ്.

### ശതാബ്ദി സ്മാരക സ്റ്റാമ്പ്

ശതാബ്ദി കർമ്മ പദ്ധതികളുടെ സാമ്പത്തീക ശേഖരണത്തിനായി 20 രൂപയുടെ 10 സ്റ്റാമ്പുകൾ അടങ്ങിയ സ്ട്രിപ്പുകൾ (20x10=200/-) പ്രിന്റ് ചെയ്ത് ഏപ്രിൽ മാസത്തിൽ പ്രാദേശിക സഭകളിൽ എത്തിക്കുന്നതായിരിക്കും. അദ്ധ്യാപകരുടെയും കുട്ടികളുടെയും സഹകരണത്തോടെ മെയ് അവസാനത്തോടെ അവ വിറ്റ് പണം ഹെഡ്മാസ്റ്റർമാർ സ്റ്റേറ്റ് ഓഫിസിൽ അടയ്ക്കുവാൻ ഉത്സാഹിക്കണമെ.

### ശതാബ്ദി അദ്ധ്യാപക ട്രെയ്നിങ്ങ്

സ്റ്റേറ്റ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തിൽ കൊട്ടാരക്കര മേഖലയുടെ നേതൃത്വത്തിൽ നടക്കുന്ന ദ്വിദിന അദ്ധ്യാപക ട്രെയ്നിങ്ങ് കൊല്ലം ***അഷ്ടമുടി പെരിങ്ങാലം മർത്തോമ്മാ ധ്യാനതീരത്ത് ഏപ്രിൽ 28, 29 തീയതികളിൽ*** നടക്കും. സീറ്റുകൾ പരിമിതമായ ഈ ട്രെയ്നിങ്ങിൽ ആദ്യം ഓൺ ലൈനിലൂടെ ബുക്കുചെയ്യുന്ന 60 പേർക്കാണ് പ്രവേശനം. കുടുംബമായി പങ്കെടുക്കുവാനുള്ള സൗകര്യവുമുണ്ട്. ഈ അസുലഭ അവസരം പ്രയോജനപ്പെടുത്തുക.

(Reg. Link: https://tinyurl.com/cogsstraining25)

### ശതാബ്ദി അദ്ധ്യാപക വിദ്യാർത്ഥി ക്യാമ്പ്

സൺഡേസ്കൂൾ തിരുവനന്തപുരം മേഖലയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ബോർഡിന്റെ സഹകരണത്തിൽ ***മെയ് 8, 9, 10 തീയതികളിൽ*** ത്രിദിന ക്യാമ്പ് ***തിരുവനന്തപുരത്ത് കാട്ടാക്കട മുളയറയിലുള്ള സത്യവേദ സെമിനാരിയിൽ*** നടക്കും.

### മിഷൻ സൺഡേസ്കൂൾ സിലബസ്

ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെയും ഹിന്ദി മേഖലകളിലെയും മിഷൻ ഫീൽഡുകളിലെ കുട്ടികൾക്കായി പ്രത്യേക സിലബസ് പുറത്തിറക്കുന്നു. കേരളാ സ്റ്റേറ്റ് ഹോം മിഷൻ ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെയാണ് ഈ നവീന പദ്ധതി സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നത്. പുതുതായി വിശ്വാസത്തിലേക്കു വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് ലളിതമായി ബൈബിൾ പാഠങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എട്ടു വർഷം നീളുന്ന പാഠപദ്ധതിയാണ് മലയാളം, ഹിന്ദി ഭാഷകളിൽ തയ്യാറാകുന്നത്.

ജൂബിലിയോടനുബന്ധിച്ച് സ്റ്റേറ്റ് ബോർഡ് നടത്തുന്ന ഇതര പ്രോഗ്രാമുകളുടെ ക്രമീകരണങ്ങളും പുരോഗമിക്കുന്നു. വിശദ വിവരങ്ങൾ പുറകാലെ അറിയിക്കുന്നതാണ്. ജൂബിലി വർഷത്തെ വിപുലമായ പ്രവർത്തനങ്ങളിലൂടെ ഈ വർഷം അവിസ്മരണീയമാക്കാനും കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് പുത്തനുണർവ്വ് ഉണ്ടാക്കുവാനും ഈ വർഷം നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ***'ക്രിസ്തു കേന്ദ്രീകൃത സണ്ടേസ്കൂൾ, ബാല സൗഹൃദ സഭ'*** എന്നുള്ളതാണ് നമ്മുടെ ശതാബ്ദി മുദ്രാവാക്യം. അതിനായി നമുക്ക് ഒന്നിച്ച് യത്നിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കർതൃശുശ്രൂഷയിൽ


**പാസ്റ്റർ വി.പി. തോമസ്**
*സൺഡേസ്കൂൾ*
*സ്റ്റേറ്റ് പ്രസിഡന്റ്*
**9447270768**

**പാസ്റ്റർ സാലു വർഗ്ഗീസ്**
*സൺഡേസ്കൂൾ*
*സ്റ്റേറ്റ് സെക്രട്ടറി*
**9847820405**


*മുളക്കുഴ*
*01/03/2025*